# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3524** **08.11.2019 -ലെ മറുപടിയ്ക്ക്**

## എം.ജി. സർവ്വകലാശാലയിലെ മാർക്ക് ദാനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പാറക്കൽ അബ്ദുല്ല | ഡോ.കെ.ടി.ജലീൽ<br>(ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) |

| | | | |
|---|---|---|---|
| (എ) | എം.ജി. സർവ്വകലാശാലയിലെ വിവാദമായ മാർക്ക് ദാനത്തിൽ സർവ്വകലാശാലക്ക് വീഴ്ച സംഭവിച്ചതായി സർവ്വകലാശാലാ രജിസ്ട്രാർ ഉന്നത വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിക്ക് റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായോ എന്ന് അറിയിക്കുമോ; | (എ) | ബി.ടെക് വിദ്യാർത്ഥികൾക്ക് പരമാവധി 5 മാർക്ക് മോഡറേഷൻ നൽകുവാനുണ്ടായ സാഹചര്യവും, പ്രസ്തുത തീരുമാനം പിന്നീട് റദ്ദ് ചെയ്യുവാനുള്ള കാരണവും വിശദീകരിച്ച് സർവ്വകലാശാല സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടു ണ്ട്. |
| (ബി) | പരീക്ഷാഫലം പ്രഖ്യാപിച്ച ശേഷം മാർക്ക് ദാനം ചെയ്യാൻ എടുത്ത തീരുമാനം നിയമവിരുദ്ധമാണെന്ന വിലയിരുത്തൽ ഉന്നത വിദ്യാഭ്യാസ വകുപ്പിനുണ്ടോ; ഇക്കാര്യം രജിസ്ട്രാറുടെ റിപ്പോർട്ടിലും പരാമർശിച്ചിട്ടുണ്ടോ;വ്യക്തമാക്കാമോ; | (ബി) | നിലവിൽ നൽകിയിരിക്കുന്ന മോഡറേഷനോട് കൂടിയ മാർക്കിനുപുറമെ പരമാവധി 5 മാർക്ക് കൂടി സിൻഡിക്കേറ്റ് മോഡറേഷനായി നൽകുന്നതിനാണ് തീരുമാനിച്ചിരുന്നത്. നിയമ വിരുദ്ധമാണെന്ന പ്രസ്താവം രജിസ്ട്രാറുടെ റിപ്പോർട്ടിലില്ല. |
| (സി) | മാർക്ക് ദാന തീരുമാനത്തിന് പ്രത്യേക സമയപരിധി ഉണ്ടോ; ഇല്ലെങ്കിൽ സർവ്വകലാശാല സ്ഥാപിതമായ 1983 മുതൽ ബി.ടെക്ക് പരീക്ഷയിൽ ഒരു വിഷയം മാത്രം തോറ്റവർക്ക് ഈ ആനുകൂല്യം പ്രയോജനപ്പെടുത്താനാവുമോ എന്ന് അറിയിക്കുമോ; | (സി) & (ഡി) | ബി.ടെക് വിദ്യാർത്ഥികൾക്ക് പരമാവധി 5 മാർക്ക് മോഡറേഷൻ നൽകുവാൻ സർവ്വകലാശാല കൈക്കൊണ്ട തീരുമാനം റദ്ദ് ചെയ്തതിനാൽ ടി വിഷയത്തിന് പ്രസക്തിയില്ല. |
| (ഡി) | ഇത് ഗുരുതരമായ പാളിച്ചയാണെന്ന് സർക്കാർ കരുതുന്നുണ്ടോ; എങ്കിൽ മാർക്ക് ദാനം റദ്ദാക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ; | | |
| (ഇ) | മാർക്ക് ദാനത്തിന്റെ ആനുകൂല്യത്തിൽ ഇതിനകം എത്രപേർ വിജയിച്ച | (ഇ) | ബി.ടെക് വിദ്യാർത്ഥികൾക്ക് പരമാവധി 5 മാർക്ക് മോഡറേഷൻ നൽകിയതിലൂടെ |

| | | | |
|---|---|---|---|
| | സർട്ടിഫിക്കറ്റ് കരസ്ഥമാക്കിയെന്നും ഇനിയും ഇപ്രകാരമുള്ള എത്ര അപേക്ഷകൾ പരിഗണനയിലുണ്ടെന്നും അറിയിക്കുമോ ? | | 118 വിദ്യാർത്ഥികൾ വിജയിച്ചിട്ടുണ്ട്. 133 അപേക്ഷകൾ പരിഗണിക്കാനായി ഉണ്ടായിരുന്നു. 118 വിദ്യാർത്ഥികൾ വിജയിച്ചതിൽ 45 പേർക്ക് സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.